I/5665270/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

Azadi Ka Amrit Mahotsav

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്

നമ്പർ. സി2 /50/2023/ഐ&പിആർ തിരുവനന്തപുരം, തീയതി: 24-03-2023

**ജില്ലകളിൽ കലാജാഥ നടത്തുവാൻ അവസരം**

**********************

സർക്കാരിന്റെ വികസനക്ഷേമനേട്ടങ്ങളും ജനോപകാരപ്രദമായ പദ്ധതികളും പ്രചരിപ്പിക്കുന്നതിനായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ " എന്റെ കേരളം- 2023 പ്രദർശനവിപണനമേള" 2023 ഏപ്രിൽ ആദ്യവാരം ആരംഭിച്ച് മെയ് അവസാനം തിരുവനന്തപുരത്ത് സമാപിക്കുന്ന നിലയിൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ചുരുങ്ങിയത് 7 ദിവസം വീതമാണ് മേള നടക്കുന്നത്. മേളകൾ നടക്കുന്ന ഏപ്രിൽ, മെയ് കാലയളവിൽ ഒരു ജില്ലയിൽ കുറഞ്ഞത് വകുപ്പ് നിർദേശിക്കുന്ന 5 കേന്ദ്രങ്ങളിൽ പരമാവധി ഒരു മണിക്കൂർ വീതം ദൈർഘ്യത്തിൽ സർക്കാരിന്റെ വികസന ക്ഷേമ പദ്ധതികളുടെയും ജനോപകാര പ്രദമായ പദ്ധതികളെക്കുറിച്ചുമുള്ള പ്രചാരണത്തിനായി കലാജാഥ സംഘടിപ്പിക്കുന്നതിന് താത്പര്യമുള്ള ഏജൻസികൾ / കലാസ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസൽ ക്ഷണിക്കുന്നു. പ്രൊപ്പോസലിൽ പരിപാടിയെ സംബന്ധിക്കുന്ന പൂർണമായ വിശദാംശങ്ങൾ, പങ്കെടുക്കുന്നവരുടെ വിവരങ്ങൾ, പരിപാടിയുടെ ഉള്ളടക്കം, സ്ക്രിപ്റ്റ്, പ്രതീക്ഷിക്കുന്ന പ്രതിഫലം എന്നിവ പ്രൊപ്പോസലിൽ ഉണ്ടായിരിക്കണം. സമാനപരിപാടികൾ മുൻപ് അവതരിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വീഡിയോ കോപ്പികളും സമർപ്പിക്കേണ്ടതാണ്. മികച്ച പ്രൊപ്പോസൽ പരിഗണിക്കുന്നതും ജില്ലകളിൽ ആയത് സംഘടിപ്പിക്കുന്നതിനുള്ള അനുമതി ഉത്തരവ് നൽകുന്നതുമാണ്. ഉചിതമെന്ന് തോന്നുന്ന പക്ഷം മാത്രം മികച്ച പ്രൊപ്പോസൽ സമർപ്പിക്കുന്ന കലാസ്ഥാപനങ്ങൾക്ക് ജില്ലകൾ വേർതിരിച്ച് നൽകുന്ന കാര്യവും പരിഗണിക്കും, ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് വകുപ്പ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.

താത്പര്യമുള്ള ഏജൻസികൾ / കലാസ്ഥാപനങ്ങൾ പ്രൊപ്പോസലുകൾ 2023 എപ്രിൽ 3 ന് ഉച്ചക്ക് 2 മണിക്കകം ലഭ്യമാക്കേണ്ടതാണ്.

വിലാസം: ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ് , തിരുവനന്തപുരം 1

കൂടുതൽ വിവരങ്ങൾക്ക് :

ഫോൺ നമ്പർ. 0471- 2518013, 2518447, 9447971832

സുഭാഷ് ടി വി ഐ.എ.എസ്

ഡയറക്ടർ